ഹദീസ്

നൗഷാദ് ചേനപ്പാടി

# സമ്പത്ത് ഊരിയെടുക്കപ്പെടാതിരിക്കാൻ

عَنْ عَبْدِ اللَّهِ ابْنِ عُمَرَ رَضِيَ الله عَنْهُمَا ، قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: إِنَّ لِلَّهِ عِبَادًا اخْتَصَّهُمْ بِالنِّعَمِ لِمَنَافِعِ الْعِبَادِ، يُقِرُّهُمْ فِيهَا مَا بَذَلُوهَا، فَإِذَا مَنَعُوهَا نَزَعَهَا مِنْهُمْ، فَحَوَّلَهَا إِلَى غَيْرِهِمْ .

أخرجه ابن أبى الدنيا فى قضاء الحوائج (1/24 ، رقم 5) ، والطبرانى فى الأوسط (5/228 ، رقم 5162) ، وأبو نعيم فى الحلية (6/115) ، والخطيب (9/459) ، وحسّنه الألباني (صحيح الجامع، رقم 2164).

**അബ്ദുല്ലാഹിബ്നു ഉമറി(റ)ൽനിന്ന്. അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു: 'നിശ്ചയമായും അല്ലാഹുവിന് ചില അടിയാറുകളുണ്ട്. സമ്പത്താകുന്ന അനുഗ്രഹം നൽകി അവനവരെ സവിശേഷം തെരഞ്ഞെടുത്തിരിക്കുന്നു. ആ സമ്പത്ത് അവന്റെ അടിമകളുടെ ആവശ്യങ്ങൾക്ക് പ്രയോജനപ്പെടുന്നതിനു വേണ്ടിയാണ് അവർക്കു നൽകിയിട്ടുള്ളത്. ആ ആവശ്യങ്ങൾക്കു വേണ്ടി ചെലവഴിക്കുവോളം ആ അനുഗ്രഹത്തിൽ അല്ലാഹു അവരെ സ്ഥിരപ്പെടുത്തിക്കൊടുക്കും. എന്നാൽ ചെലവഴിക്കാതെ അവരത് തടഞ്ഞുവെച്ചാൽ ആ സമ്പത്ത് അല്ലാഹു അവരിൽനിന്ന് ഊരിയെടുക്കുകയും മറ്റുള്ളവർക്ക് അവനത് ഏൽപിച്ചു കൊടുക്കുകയും ചെയ്യും.'**

**ഇമാം ത്വബറാനി (റ) തന്റെ 'മുഅജമുൽ ഔസത്വി'ൽ ഉദ്ധരിച്ച ഹദീസ്. ഇമാം അബൂനഈമും ഖത്വീബുൽ ബഗ്ദാദിയും (റ) ഇതുദ്ധരിച്ചിട്ടുണ്ട്. സ്വഹീഹു ജാമിഇസ്സ്വഗീറിൽ ശൈഖ് അൽബാനി(റ) ഈ ഹദീസിനെ ഹസനായി വിലയിരുത്തിയിരിക്കുന്നു.**

മനുഷ്യന് ലഭിച്ചിട്ടുള്ള സമ്പത്തിന്റെ യഥാർഥ ഉടമാവകാശി അവന്റെ സ്രഷ്ടാവും നിയന്താവുമായ അല്ലാഹു മാത്രമാണ്. ആ സമ്പത്തിലെ ഖലീഫ അഥവാ പ്രതിനിധി മാത്രമാണ് മനുഷ്യൻ എന്ന് സൂറ: അൽഹദീദിൽ അല്ലാഹു പറയുന്നു. പ്രതിനിധിക്ക് ആ സമ്പത്ത് ഇഷ്ടംപോലെ, തോന്നിയ പോലെ കൈകാര്യം ചെയ്യാനുള്ളതുമല്ല. ഇസ്‌ലാമിക സാമ്പത്തിക വ്യവസ്ഥയുടെ ഒന്നാമത്തെ അടിസ്ഥാന തത്ത്വവും ഇതാണ്. ഈ ഹദീസിലും നബി(സ) ഈ തത്ത്വം തന്നെയാണ് ഊന്നിപ്പറഞ്ഞിരിക്കുന്നത്; അല്ലാഹുവിന്റെ സമ്പത്ത് അവന്റെ അടിമകളിൽ ചിലരെ അവൻ ഏൽപിച്ചിരിക്കുകയാണ് എന്ന്. അത് അവന്റെ നിർധനരായ അടിമകളുടെ ആവശ്യനിർവഹണത്തിനായി ചെലവഴിക്കാനാണവരെ ഏൽപിച്ചതെന്നും പറയുന്നു. ഈ ഹദീസിൽ ഇബാദൻ എന്നും വേറൊരു ഹദീസിൽ അഖ്വാമൻ എന്നുമാണ് വന്നിട്ടുള്ളത്. അഥവാ അല്ലാഹുവിന് താൻ സവിശേഷം തെരഞ്ഞെടുത്തിട്ടുള്ള ആളുകളുണ്ടെന്ന്. അവൻ സമ്പത്ത് നൽകി തെരഞ്ഞെടുത്തവരെ 'തനിക്കു വേണ്ടി പ്രത്യേകമായി തെരഞ്ഞെടുത്തവർ' എന്നാണ് അല്ലാഹു വിശേഷിപ്പിക്കുന്നത്. ഇത് സമ്പന്നന്മാർക്ക് അല്ലാഹുവിങ്കലുള്ള സവിശേഷമായ ആദരവാണ്; അവരത് ചെലവഴിക്കുകയാണെങ്കിൽ.

സമ്പത്തില്ലാതെ ജീവിതത്തിന്റെ അടിസ്ഥാനാവശ്യങ്ങൾപോലും നിറവേറ്റാനാവാതെ കഷ്ടപ്പെടുന്ന അല്ലാഹുവിന്റെ അനേകമനേകം നിസ്വരായ ദാസന്മാരുടെ ആവശ്യനിർവഹണത്തിനാണ് അവരെ ആ സമ്പത്ത് അവൻ ഏൽപിച്ചിട്ടുള്ളതുതന്നെ. ആ സമ്പന്നർ അവർക്കുവേണ്ടി ചെലവഴിക്കുക തന്നെ വേണം. സകാത്തും സ്വദഖയും ഉൾപ്പെടെ മറ്റെല്ലാവിധ മാർഗേണയും. അങ്ങനെ എല്ലാവരുടെയും ആവശ്യങ്ങൾ നിവർത്തിക്കപ്പെടണം. ഭക്ഷണമോ മരുന്നോ വസ്ത്രമോ പാർപ്പിടമോ ജീവിതത്തിന്റെ മറ്റാവശ്യങ്ങളോ നിവർത്തിക്കപ്പെടാതെ ഒരാളും കഴിഞ്ഞുകൂടാവതല്ല.

ഇനി ധനികർ ചെലവഴിക്കുന്നില്ലെങ്കിൽ അതൊരു കടു

ത്ത വഞ്ചനയും കൂടിയാണ്, ആ അമാനത്ത് പിടിച്ചുവെക്കുക എന്നതുമൂലം വന്നുചേരുന്നത്. അല്ലാഹു നൽകിയ സമ്പത്ത് ചെലവഴിക്കാതെ പിടിച്ചുവെക്കുക, ആയിരങ്ങൾ തന്റെ മുമ്പിലും ചുറ്റുവട്ടവും ദാരിദ്ര്യത്താൽ നട്ടം തിരിയുന്നതു കണ്ടിട്ടും താനും തന്റെ സന്തതികളും മാത്രം തിന്നു മദിച്ചു കൂത്താടുകയും ധൂർത്തടിക്കുകയും ചെയ്യുക എന്നത് അല്ലാഹുവിനെയും ദാനം ചെയ്യണമെന്നു പഠിപ്പിച്ച അവന്റെ റസൂലിനെയും ഒരു ഗതിയുമില്ലാതെ മേലോട്ടുനോക്കിയിരിക്കുന്ന ഈ പാവം ഉമ്മത്തിനെയും കൊഞ്ഞനം കുത്തലാണ്.

ഈ ധിക്കാരത്തിനും അഹങ്കാരത്തിനും ഈ ദുൻയാവിലും പരലോകത്തും അത്തരക്കാരെ അല്ലാഹു നിന്ദ്യതയും കടുത്ത ശിക്ഷയും അനുഭവിപ്പിക്കുക തന്നെ ചെയ്യും. മുസ്‌ലിം സമൂഹത്തിലെ ഒരു വിഭാഗം സന്തതികൾ മോശക്കാരും കൊള്ളരുതാത്തവരും ധൂർത്തന്മാരുമായി വഴിപിഴച്ചുപോകുന്നതിന്റെ ഒരു അടിസ്ഥാന കാരണം അവരുടെ പിതാക്കന്മാർ ചെലവഴിക്കാതെ പിടിച്ചുവെച്ച് അതൊക്കെയും ഈ സന്തതികൾക്ക് അനന്തരമായി ഏൽപിച്ചുകൊടുത്തിട്ടു പോയതാണ്. അതിന്റെ ഏറ്റവും വലിയ ഉദാഹരണങ്ങൾ കാണണമെങ്കിൽ ഹൈദറാബാദും ദൽഹിയും കൊൽക്കത്തയും പോലുള്ള ഇന്ത്യൻ നഗരങ്ങൾ സന്ദർശിക്കണം. അവിടങ്ങളിൽ എല്ലാവിധ പ്രതാപത്തോടുംകൂടി വിലസിയിരുന്ന രാജകുടുംബങ്ങളിലെ അനന്തര തലമുറകൾ റിക്ഷ വലിച്ചും ഓട്ടോ ഓടിച്ചും കൂലിപ്പണി ചെയ്തും ജീവിക്കുന്നതു കാണാം. ഈ ഹദീസിൽ അല്ലാഹുവിന്റെ റസൂൽ മുന്നറിയിപ്പു നൽകിയതിന്റെ ജീവിക്കുന്ന നേർസാക്ഷ്യങ്ങൾ. ആ രാജകുടുംബങ്ങൾ തലമുറതലമുറയായി ചെലവഴിച്ചു വന്നിരുന്നെങ്കിൽ അവർക്കിന്നീ ഗതികേടു വരുമായിരുന്നില്ല. അതേപോലെ, പണ്ടുമുതലേ അല്ലാഹു നൽകിയ സമ്പത്ത് നല്ല മാർഗത്തിൽ ചെലവ് ചെയ്തു ജീവിച്ചവരുടെ കുടുംബങ്ങൾ ഇന്നും മാന്യമായും അന്തസ്സോടെയും ജീവിക്കുന്ന സാക്ഷ്യങ്ങളും ഈ കേരളത്തിൽതന്നെ കാണാൻ കഴിയും.

ചെലവഴിക്കാതെ തടഞ്ഞുവെച്ചാൽ ആ സമ്പത്ത് അവരിൽനിന്ന് അല്ലാഹു ഊരിയെടുക്കും എന്നാണ് ഹദീസിലെ പദപ്രയോഗം. പാമ്പ് പടം പൊഴിക്കുന്നത് തൊലിയിൽനിന്ന് ശരീരത്തെ ഊരിയെടുക്കലാണ്. മരച്ചീനി നിലത്തുനിന്ന് മെല്ലെ ഊരിയെടുക്കലാണ്. അതേപോലെ സമ്പന്നൻ അറിയാതെ മെല്ലെ അവന്റെ സമ്പത്തിനെ അല്ലാഹു ഊരിയെടുക്കുമെന്ന്. അതിന് പല കാരണങ്ങൾ പറയാമെങ്കിലും അടിസ്ഥാനപരമായി അല്ലാഹുവിന്റെ ഊരിയെടുക്കലാണ് നടക്കുന്നത്. എന്നിട്ടോ അവന്റെ അനന്തരാവകാശികൾ അപമാനകരവും നിന്ദ്യവുമായ ജീവിതം നയിക്കേണ്ടി വരിക. അതിനോളം വലിയ നിന്ദ്യത ഈ ദുൻയാവിൽ വേറെയുണ്ടോ? ഖാറൂൻ പറഞ്ഞതുപോലെ ഏതു സമ്പന്നനും പറയാം, ഈ സമ്പത്ത് എന്റെ അറിവു കൊണ്ടും ദീർഘനാളത്തെ എന്റെ അധ്വാനം കൊണ്ടും ഞാൻ നേടിയെടുത്തതാണെന്ന്. എല്ലാവരും അതിലും വലുതായി ദീർഘനാളായി അധ്വാനിക്കുന്നുണ്ട്. ഖാറൂനേക്കാളും അറിവും ബുദ്ധിയും അവരിൽ നല്ലൊരു ശതമാനത്തിനുമുണ്ട്. എന്നിട്ടും എന്തുകൊണ്ട് അവരിൽ മുക്കാലേമുണ്ടാണിയും വഞ്ചി തിരുനക്കരെത്തന്നെ എന്നപോലെ ഇപ്പോഴും രണ്ടറ്റം കൂട്ടിമുട്ടിക്കാൻ പാടുപെടുകയും ഈ സമ്പന്നർക്ക് അല്ലാഹു സവിശേഷം വാരിക്കോരി കൊടുക്കുകയും ചെയ്തു? അത് അവന്റെ സവിശേഷമായ ഔദാര്യത്താലും കാരുണ്യത്താലും നിങ്ങളെ ഏൽപിച്ചതാണ്. അല്ലാതെ ആരും പെട്ടെന്ന് നിധി കിട്ടിയിട്ടല്ല സമ്പന്നരാവുന്നത്. ശാരീരികവും മാനസികവുമായ അധ്വാനത്താലും കച്ചവടത്താലും ഒക്കെ മാത്രമേ സമ്പത്ത് നേടിയെടുക്കാനാവൂ. അതാണ് ഈ ഭൂമിയിലെ അല്ലാഹുവിന്റെ നടപടിക്രമവും പ്രകൃതിനിയമവും. മുസ്‌ലിം സമൂഹത്തിലെ ആയിരങ്ങൾ, അല്ല ലക്ഷങ്ങൾ ഭക്ഷണത്തിനും മരുന്നിനും ജീവിതത്തിന്റെ അടിസ്ഥാനാവശ്യങ്ങൾക്കുപോലും കണ്ണീരോടെ നെട്ടോട്ടമോടുമ്പോൾ അവരുടെ അവകാശമായ സമ്പത്തിനെ കെട്ടിപ്പൂട്ടിയും പിടിച്ചുവെച്ചും അതിക്രമം കാണിക്കുന്ന സമ്പന്നന്മാർ അവരുടെ സമ്പത്തിനെ അല്ലാഹു പറഞ്ഞ പ്രകാരം ചെലവഴിച്ചുകൊള്ളട്ടെ. ഇല്ലെങ്കിൽ ഹദീസിൽ പറഞ്ഞതുപോലെ നിങ്ങളിൽനിന്ന് അതിനെ ഊരിയെടുത്ത് മറ്റു പലതിലേക്കുമായി അതിനെ തിരിച്ചുവിടും. ●